Web site: www.kwa.kerala.gov.in
'ജലം ജീവാമൃതം'
Fax: 91-0471-2324903
Tel : 0471-2328654

# KERALA WATER AUTHORITY

Jalabhavan
Thiruvananthapuram – 695033
Kerala – India

'ജലം ജീവാമൃതം'

Draft #14 of File KWA/JB/E6A(EST)/3794/19 Approved by Chief Engineer (HRD&GL) i/c on 27-Jul-2021 01:14 PM - Pag

## എച്ച്.ആർ.ഡി & ജനറൽ വിഭാഗം ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

വിഷയം:-കേരള ജല അതോറിറ്റി - ഭരണനിർവ്വഹണം - ശ്രീ.അനസ്.എഫ്.കെ, സർവേയർ (ഗ്രേഡ് II) - അനധികൃത ഹാജരില്ലായ്മ - സർവീസിൽ നിന്നും നീക്കം ചെയ്തുകൊണ്ടു അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു :-

---

## കേരള വാട്ടർ അതോറിറ്റി

നമ്പർ: കെ ഡബ്ല്യു എ/JB/E6A(EST)/3794/19 തീയതി, തിരുവനന്തപുരം, 27.07.2021

---

സൂചന:-1. മാനേജിങ് ഡയറക്ടറുടെ 13.08.08 തീയതിയിലെ നടപടിക്രമം നമ്പർ:KWA/JB/E5/12735/2005.
2. മാനേജിങ് ഡയറക്ടറുടെ 09.10.13 തീയതിയിലെ നടപടിക്രമം നമ്പർ:KWA/HO/E3/5620/2013.
3. ശ്രീ.അനസ് എഫ്.കെ സമർപ്പിച്ച 04.08.18 തീയതിയിലെ അപേക്ഷ .
4. മാനേജിങ് ഡയറക്ടറുടെ 01.10.18 തീയതിയിലെ നടപടിക്രമം നമ്പർ:KWA/JB/E3/5620/2013.
5. തിരുവനന്തപുരം പി.പി.ഡി.ക്യാമ്പ് ഓഫീസ് അസിസ്റ്റന്റ് എൻജിനീയറുടെ 05.02.19 തീയതിയിലെ കത്ത്.
6 .19.09.2019 തീയതിയിലെ എക്സിക്യൂട്ടീവ് എൻജിനീയർ (വിജിലൻസ് സെൽ) സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ട് നമ്പർ : KWA/JB/VIG.CELL/AEE-1/90/19.
7. ഇതേനമ്പർ മെമ്മോ ഓഫ് ചാർജ്, തീയതി : 22.10.2019.
8. 10.11.2020 തീയതിയിലെ എക്സിക്യൂട്ടീവ് എൻജിനീയർ, (വിജിലൻസ് )സമർപ്പിച്ച ഫോർമൽ എൻക്വയറി റിപ്പോർട്ട് നമ്പർ ;KWA/JB/VIGILANCE/AEE-1/90/19.
9. ശ്രീ.അനസ് എഫ്.കെ-യ്ക്ക് നൽകിയ 09.03.2021 തീയതിയിലെ ഇതേ നമ്പർ കത്ത്.
10. ശ്രീ.അനസ്.എഫ്.കെ-യ്ക്ക് നൽകിയ 29.03.2021 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
11. ദേശാഭിമാനി, കേരളകൗമുദി എന്നീ പത്രങ്ങളിൽ 07.05.2021 തീയതിയിൽ പ്രസിദ്ധീകരിച്ച കാരണം കാണിക്കൽ നോട്ടീസ്.

### ഉത്തരവ്

1. ശ്രീ.അനസ്.എഫ്.കെ, കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന സർവേയർ(ഗ്രേഡ്-II) ആയി 12.07.2005 തീയതി കേരള ജല അതോറിറ്റി സർവീസിൽ

പ്രവേശിച്ചു. ബഹു. മാനേജിങ് ഡയറക്ടറുടെ ഉത്തരവുകൾ (സൂചനകൾ യഥാക്രമം 1, 2) പ്രകാരം ശ്രീ.അനസ്.എഫ്.കെ-യ്ക്ക് 21.07.2008 മുതൽ 21.07.2013 വരെയും തുടർന്ന് 5 വർഷത്തേക്കു കൂടി 20.07.2018 വരെയും കേരള സർവീസ് റൂൾസ് പാർട്ട് 1 അനുബന്ധം XII A പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. തുടർന്നും 21.07.2018 മുതൽ 30.09.2018 വരെ ശ്രീ.അനസ്.എഫ്.കെ-യുടെ അപേക്ഷ പ്രകാരം ശൂന്യവേതനാവധി അനുവദിച്ചു നല്കിയിരുന്നു. എങ്കിലും, 01.10.2018 മുതൽ 10.10.2018 വരെയുള്ള ദിവസങ്ങളിൽ അദ്ദേഹം ഓഫീസിൽ ഹാജരായിട്ടില്ല. ആ ദിവസങ്ങളിലെ അവധി ഇതേവരെ ക്രമീകരിക്കപ്പെട്ടിട്ടില്ല.

2. സൂചന(3) പ്രകാരമുള്ള അപേക്ഷ പരിഗണിച്ചു നൽകിയ സൂചന(4)-ൽ പരാമർശിച്ചിരിക്കുന്ന ഉത്തരവ് പ്രകാരം ശ്രീ.അനസ്.എഫ്.കെ, 11.10.2018-നു ജോലിയിൽ പ്രവേശിക്കുകയും 12.10.2018-നു ശൂന്യവേതനാവധിയുടെ തുടർച്ചയ്ക്കായി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. പിന്നീടുള്ള പ്രവൃത്തി ദിവസമായ 15.10.2018-മുതൽ ഇന്നേവരെ ശ്രീ.അനസ്.എഫ്.കെ ജോലിക്കു ഹാജരായിട്ടില്ല. സമർപ്പിച്ച അപേക്ഷയിൽ മതിയായ രേഖകൾ ഇല്ലായെന്നും ആയതിനാൽ അടിയന്തിരമായി ജോലിയിൽ പ്രവേശിക്കണമെന്നും സൂചന(5) മുഖേന ശ്രീ.അനസ്.എഫ്.കെ-യ്ക്ക് അറിയിപ്പ് നൽകിയിരുന്നു. എന്നാൽ പ്രസ്തുത കത്ത് കൈപ്പറ്റാതെ തിരികെ ലഭിച്ചുവെന്ന് 05.03.2019 തീയതിയിലെ കത്ത് മുഖേന തിരുവനന്തപുരം പി.എച്ച്.സർക്കിൾ സൂപ്രണ്ടിങ് എൻജിനീയർ, റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ശ്രീ.അനസ്.എഫ്.കെ അനധികൃതമായ രീതിയിൽ ഹാജരാകാതിരുന്ന വിഷയത്തിൽ തുടർ നടപടികളിലേക്കായി എക്സിക്യൂട്ടീവ് എൻജിനീയർ (വിജിലൻസ്)-നെ അന്വേഷണച്ചുമതല ഏൽപ്പിച്ചിരുന്നു. സൂചന(6) പ്രകാരം എക്സിക്യൂട്ടീവ് എൻജിനീയർ (വിജിലൻസ്) പ്രാഥമിക അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിച്ചിരുന്നു. ഇതേ തുടർന്ന്, ശ്രീ.അനസ്.എഫ്.കെ.യ്ക്ക് (ക്ലാസ്സിഫിക്കേഷൻ,കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ,1960-ചട്ടം:15 പ്രകാരം 'മേജർ പെനാൽറ്റി' നൽകുന്നതിനുള്ള മെമ്മോ ഓഫ് ചാർജ് സൂചന (7) പ്രകാരം നൽകിയിരുന്നു. എന്നാൽ മെമ്മോ ഓഫ് ചാർജ്, ശ്രീ.അനസ്. കൈപ്പറ്റാത്തതിനെത്തുടർന്ന് തിരികെ ലഭിച്ചു.

4. 31.01.2020 തീയതിയിൽ നടന്ന വിജിലൻസ് കമ്മിറ്റിയുടെ ശിപാർശ അനുസരിച്ചു ശ്രീ.അനസ്.എഫ്.കെയ്ക്കെതിരെ കേരള സിവിൽ സർവീസ് (ക്ലാസ്സിഫിക്കേഷൻ,കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ,1960-ചട്ടം:15 അനുസരിച്ചുള്ള നടപടിയുടെ ഭാഗമായി ഫോർമൽ എൻക്വയറിയ്ക്കായി 17.06.2020 തീയതിയിലെ ഉത്തരവ് പ്രകാരം എക്സിക്യൂട്ടീവ് എൻജിനീയർ (വിജിലൻസ്)-നെ ചുമതലപ്പെടുത്തുകയും അന്വേഷണ റിപ്പോർട്ട് സൂചന(8) പ്രകാരം ലഭ്യമാകുകയും ചെയ്തു.

5. 18.03.2021 തീയതിയിൽ ശ്രീ.അനസ്.എഫ്.കെ-യ്ക്ക് അദ്ദേഹത്തിന്റെ ഭാഗം കേൾക്കുന്നതിനായി സൂചന(9) മുഖേന അവസരം നൽകിയിരുന്നുവെങ്കിലും പ്രസ്തുത കത്ത് കൈപ്പറ്റാതെ തിരികെ വന്നു. തുടർന്ന് കേരള സിവിൽ സർവീസ് (ക്ലാസ്സിഫിക്കേഷൻ,കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ 1960-ലെ ചട്ടം 11(1)(vii) പ്രകാരം സർവീസിൽ നിന്നും നീക്കം ചെയ്യാതിരിക്കുന്നതിനു കാരണങ്ങൾ ബോധിപ്പിക്കുന്നതിനായി സൂചന(10) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നുവെങ്കിലും ആയതും കൈപ്പറ്റാതെ തിരികെ വന്നു. ഈ സാഹചര്യത്തിൽ, ശ്രീ.അനസ്.എഫ്.കെ.-യിൽ നിന്നും യാതൊരു വിധത്തിലുള്ള പ്രതികരണങ്ങളും ഉണ്ടാകാത്തതിനാൽ 'കേരള സിവിൽ സർവീസ് (ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ 1960'-ചട്ടം:15-ൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ അനുസരിച്ചു സൂചന(11)-ൽ പരാമർശിച്ചിരിക്കുന്നത് പ്രകാരം പത്രങ്ങളിൽ നോട്ടീസ് പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത നോട്ടീസിനും യാതൊരു വിധത്തിലുള്ള

Draft #14 of File KWA/JB/E6A(EST)/3794/19 Approved by Chief Engineer (HRD&GL) i/c on 27-Jul-2021 01:14 PM - Page 2

പ്രതികരണവും നിഷ്കർഷിച്ച സമയത്തിനുള്ളിൽ ലഭ്യമായില്ല.

6. മേൽ പ്രസ്താവിച്ച സാഹചര്യത്തിൽ 'കേരള സർവീസ് ചട്ടങ്ങൾ, ഭാഗം:1 - അനുബന്ധം XII A (9),(11) എന്നിവ പ്രകാരം 'കേരള സിവിൽ സർവീസ്(ക്ലാസ്സിഫിക്കേഷൻ,കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ 1960'-ചട്ടം:15-ന്റെ നടപടിക്രമങ്ങൾ യഥാവിധി പൂർത്തിയാക്കിക്കൊണ്ടു ശ്രീ.അനസ്.എഫ്.കെ-യെ 'കേരള സിവിൽ സർവീസ്(ക്ലാസ്സിഫിക്കേഷൻ,കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ,1960' ലെ ചട്ടം 11 (1)(vii) പ്രകാരം സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് തീരുമാനമായിരിക്കുന്നു. കേരള സർവീസ് ചട്ടങ്ങൾ ഭാഗം:3-ചട്ടം 29(a) പ്രകാരം സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനാൽ അവധിയിൽ പ്രവേശി ക്കുന്നതിന് മുൻപുള്ള സർവ്വീസും യാതൊരുവിധ ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.

7. ആയതിനാൽ മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർവേയർ(ഗ്രേഡ്-II) ആയിരുന്ന ശ്രീ.അനസ്.എഫ്..കെ-യെ കേരള സർവീസ് ചട്ടങ്ങൾ(ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ 1960- ലെ ചട്ടം 11 (1)(vii ) പ്രകാരം കേരളജല അതോറിറ്റിയിലെ സർവീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

8. മേൽ പ്രസ്താവിച്ച വിവരങ്ങൾ ശ്രീ.അനസ്.എഫ്.കെ-യുടെ സർവീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ (എച്ച് ആർ ഡി & ജനറൽ) i/c

സ്വീകർത്താവ്

ശ്രീ.അനസ്.എഫ്.കെ.,
അനസ് മൻസിൽ ,
കന്യാകുളങ്ങര,വെമ്പായം .പി.ഓ.,
തിരുവനന്തപുരം

ഉത്തരവിന്റെ പകർപ്പ്

PA to MD/TA to TM/FM &CAO/CA to CE(HRD&GL) /DCE(GL) /DCE(Vig) /Sr.AO/ CE(SR)/ CE (PPD&WASCON )
DBA with Direction to publish in website
/ SE PH Circle ,Thiruvananthapuram / EE PPD-TVM /AE PPD Camp office TVM /G SPARK

Draft #14 of File KWA/JB/E6A(EST)/3794/19 Approved by Chief Engineer (HRD&GL) i/c on 27-Jul-2021 01:14 PM - Page 3

The document is digitally approved. Hence signature is not needed.